മാത്രമാണ് 'മുഖംമൂടി കൊള്ളക്കാരന്റെ മാതിരി' എന്ന പ്രസ്താവം. നിയമസഭാംഗങ്ങൾക്ക് അത്യധികം രോഷം ഉളവാക്കേണ്ട ഒരു പരാമർശമാണ് ഇതെന്നു പൊതുജനങ്ങൾ കരുതുമെന്നു തോന്നുന്നില്ല. ആനന്ദവികടനിലെ ഹാസ്യചിത്രം നിയമസഭയെ അവഹേളിച്ചിട്ടില്ല; നിയമസഭാംഗങ്ങളെന്ന നിലയിൽ ജനസേവനം നിർവഹിക്കുന്നതിന് തമിഴ്നാട്ടിലെ എം. എൽ. എ. മാർക്കോ, മന്ത്രിമാർക്കോ ഈ ചിത്രംമൂലം ഒരു തടസ്സവും ഉണ്ടായിട്ടുമില്ല.

ആനപ്പുറത്തിരിക്കുമ്പോൾ ചിലർക്കു വേലി പൊളിക്കാൻ തോന്നും. അതു തോന്നാതിരിക്കലാണു സംസ്കാരം.

# 33. മതപഠനം ഇന്ത്യൻ സർവകലാശാലകളിൽ

കോഴിക്കോട് സർവകലാശാലയിൽ ക്രിസ്തുമതപഠനത്തിനുള്ള ഒരു ചെയർ 1987 ആഗസ്റ്റ് 23-ാം തീയതി, കോഴിക്കോട് ടാഗോർ ശതാബ്ദി സ്മാരകഹാളിൽ ഏർപ്പെടുത്തിയ ഒരു ചടങ്ങിൽവെച്ച്, കർദിനാൾ ലൂർദ്സാമി തിരുമേനി ഔപചാരികമായി ഉദ്ഘാടനംചെയ്യുകയുണ്ടായി.

മനുഷ്യന്റെ അന്തസ്സും മനുഷ്യാവകാശങ്ങളും സംരക്ഷിക്കുന്നതിൽ ക്രൈസ്തവസഭകൾക്ക് അങ്ങേയററത്തെ താല്പര്യമുണ്ടെന്ന് ഉദ്ഘാടനപ്രസംഗത്തിൽ കർദിനാൾ തിരുമേനി പ്രസ്താവിച്ചു. ഒരു രാഷ്ട്രീയപാർട്ടിയുമായും ബന്ധപ്പെടാതെ, മനുഷ്യാവകാശസംരക്ഷണത്തിനു ക്രൈസ്തവസഭകൾ യത്നിക്കുന്നതായിരിക്കും. അതേസമയം, 'മനുഷ്യാവകാശങ്ങൾ' എന്ന സങ്കല്പനത്തെ ശരിയായ പശ്ചാത്തലത്തിനെതിരെ നിരീക്ഷിക്കണമെങ്കിൽ, ആത്യന്തികസത്യത്തെപ്പററി മനസ്സിലാക്കിയിരിക്കേണ്ടതാവശ്യമാണ്. നിർഭാഗ്യവശാൽ ഇന്നു സ്വന്തം അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയുംപററി പലരും പുലർത്തിവരുന്ന ധാരണകൾ അത്യന്തം വികലങ്ങളത്രെ. ഇന്ത്യയിൽ യുവജനങ്ങളുടെ ഇടയിലുള്ള അസ്വസ്ഥതകളും, പണവും സുഖവും തേടി വിദേശങ്ങളിലേക്കുള്ള ബുദ്ധിജീവികളുടെ പലായനവും വ്യക്തമാക്കുന്നതു് ഈ വസ്തുതയാണെന്ന് കർദിനാൾ തിരുമേനി ചൂണ്ടിക്കാണിച്ചു. ആത്യന്തികസത്യത്തെപ്പററി മനസ്സിലാക്കാൻ സർവകലാശാലയിലെ ക്രിസ്തുമത പഠനവിഭാഗം സഹായിക്കുമെന്നാണ് തിരുമേനിയുടെ പ്രതീക്ഷ.

പൊതുജനങ്ങളിൽനിന്നുള്ള സംഭാവന ഉപയോഗപ്പെടുത്തിയാണ് കോഴിക്കോട് സർവകലാശാല ക്രിസ്തുമത പഠനത്തിനുള്ള ഒരു ചെയർ സ്ഥാപിച്ചിട്ടുള്ളതു്. ക്രിസ്തുമതത്തെപ്പററി പ്രഭാഷണങ്ങളും മററും ഈ പഠനവിഭാഗം സംഘടിപ്പിക്കുന്നതായിരിക്കും. ബിരുദാനന്തര ഗവേഷണത്തിനും ഈ വിഭാഗത്തിൽ സൗകര്യം ഏർപ്പെടുത്തുന്നതാണെന്നറിയുന്നു.

ഇതുപോലെ, ഇസ്ലാമിനെപ്പററി പഠിക്കുന്നതിനുള്ള ഒരു സ്ഥാപനവും കോഴിക്കോട് സർവകലാശാലയിൽ അടുത്തുതന്നെ ആരംഭിക്കുമെന്നാണു പറയപ്പെടുന്നതു്. ആരെങ്കിലും സംഭാവനയുമായി മുന്നോട്ടുവരുന്നപക്ഷം ഹിന്ദുമതം, ജൈനമതം മുതലായവയുടെ പഠനത്തിനും സൗകര്യം

ഏർപ്പെടുത്തി കൊടുക്കുവാൻ സർവകലാശാലയ്ക്കു സന്തോഷമേ ഉണ്ടാവൂ എന്നു കരുതാം.

കേരളത്തിലെ സർവകലാശാലകളിൽ ഒരു പാഠനവിഷയമായി മതം—ഏതെങ്കിലും മതം—പ്രവേശിക്കുന്നതു് ഇതാദ്യമായിട്ടാണു്. അതിനാൽ സർവകലാശാലകളിൽ മതപഠനം ഏർപ്പെടുത്തുന്നതിന്റെ ലക്ഷ്യവും രൂപവും വ്യാപ്തിയും എന്തായിരിക്കണമെന്നു് ഈ ഘട്ടത്തിൽ ആഴത്തിൽ ചിന്തിക്കുന്നതു ഫലപ്രദമായിരിക്കും. ശ്രീനാരായണഗുരു പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഈ വിചിന്തനം വാദിക്കാനും തോല്പിക്കാനും വേണ്ടിയല്ലാതെ, ചിന്താവിഷയത്തെ വിശദീകരിക്കുന്നതിനുവേണ്ടിയായിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ല.

പൗരോഹിത്യത്തിലേക്കു നയിക്കുന്ന തരത്തിലുള്ള മതപഠനത്തിനു നമ്മുടെ സർവകലാശാലകളിൽ പ്രസക്തിയില്ലെന്നു വ്യക്തമാണു്. മതനിരപേക്ഷമായ നമ്മുടെ സർക്കാരിന്റെ പണം ഏതെങ്കിലും മതവിഭാഗത്തിന്റെ താല്പര്യങ്ങൾക്കായി ചെലവഴിക്കുക അനുചിതമാകുന്നു.

മാത്രമല്ല, പാരമ്പര്യരീതിയിൽ മതപഠനത്തിനു ധാരാളം സ്ഥാപനങ്ങൾ കേരളത്തിൽ നിലവിലുണ്ടുതാനും. കോട്ടയത്തെയോ, ആലുവായിലെയോ പല സെമിനാരികളിൽ ലഭ്യമായതു ക്രിസ്തുമത പഠനസൗകര്യങ്ങൾ കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാലയിൽ എന്നെങ്കിലും ഏർപ്പെടുത്തുക സാദ്ധ്യമാകുമെന്നു കരുതിക്കൂടാ. നമ്മുടെ സർവകലാശാലകളിലൂടെ നൽകപ്പെടുന്ന മതപഠനത്തെ പൗരോഹിത്യത്തിനുള്ള യോഗ്യതയായി ഏതെങ്കിലും ക്രിസ്തുമതസ്ഥാപനം അംഗീകരിക്കുവാനും സാദ്ധ്യതയില്ല. ഇസ്ലാമിക പഠനത്തെസ്സംബന്ധിച്ചും ഇതുതന്നെയാണു പ്രസക്തമായ വസ്തുത. മതപണ്ഡിതന്മാരായി അംഗീകരിക്കപ്പെടുന്നതിനു മതപാഠശാലകളിലെ ദീർഘകാലാദ്ധ്യയനം മുസ്ളിങ്ങളെസ്സംബന്ധിച്ചിടത്തോളവും അനുപേക്ഷണീയമാകുന്നു. ഹിന്ദുമതത്തെ സംബന്ധിച്ചിടത്തോളം സ്ഥിതി അല്പം വ്യത്യസ്തമാണെന്നു തോന്നാം. കാരണം, ഹിന്ദുമതപഠനത്തിനു് എന്തെങ്കിലും സ്ഥാപനങ്ങൾ—ഗുരുകുലങ്ങളും മറ്റും—മുമ്പു് ഉണ്ടായിരുന്നെങ്കിൽത്തന്നെ, ഇന്നു് അവയെല്ലാം ക്ഷയിച്ചമട്ടാണു്. എങ്കിലും ഒരു ഗുരുവിന്റെ കീഴിൽ ദീർഘകാലത്തെ വ്യക്തിപരമായ ശിക്ഷണത്തിനും നിരീക്ഷണത്തിനും ശേഷമേ ഒരു ഹിന്ദുവിനു് മഠാധിപതിയോ മഹന്തോ 'ആധീന'മോ ഒക്കെ ആകാൻ ഇന്നത്തെ ഇന്ത്യയിൽ കഴിയൂ. രാമകൃഷ്ണമിഷൻപോലുള്ള 'ആധുനിക' സന്ന്യാസിസംഘങ്ങളും അവയിലെ അംഗങ്ങൾക്കു നീണ്ട പരിശീലനം നിർബന്ധമാക്കിയിട്ടുണ്ടു്.

ഭൗതികവിഷയങ്ങളിൽ—സയൻസിലും മാനവികവിഷയങ്ങളിലും എൻജിനീയറിങ്ങിലും വൈദ്യശാസ്ത്രത്തിലും അദ്ധ്യാപനത്തിലും മറ്റും 'പ്രൊഫെഷണലു'കളെ സൃഷ്ടിക്കുകയാണു് സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എന്നാൽ, മതങ്ങളെ സംബന്ധിച്ചിടത്തോളം 'പ്രൊഫെഷണൽ പരിശീലനം' ഒരു ബഹുമതരാഷ്ട്രമായ ഇന്ത്യയിലെ സർവകലാശാലകളിൽ എന്നെങ്കിലും സാദ്ധ്യമാവുമെന്നു് തോന്നുന്നില്ല.

അതേസമയം, മതപഠനം സർവകലാശാലകളിൽനിന്നു് തികച്ചും ഒഴിച്ചുനിർത്തുന്നതും ശരിയായിരിക്കുകയില്ല. ഭാഷപോലെ മതവും മനുഷ്യത്വസമനിയതം (സ്പീഷീസ് സ്പെസിഫിക്) ആണെന്നു കരുതുന്നവർ കുറവല്ല. മരണാനന്തരജീവിതത്തെപ്പററിയോ ആത്മാവിനെപ്പററിയോ, പ്രപഞ്ചാതീതശക്തികളെപ്പററിയോ ഏതെങ്കിലും തരത്തിലുള്ള വിശ്വാസങ്ങൾ പുലർത്താത്ത ഒരു ജനവർഗവും ഇന്നോളം അറിയപ്പെട്ടിട്ടില്ല. അതിഭൗതികശക്തികളെ അനുനയിപ്പിക്കുന്നതിനുള്ള ഏതെങ്കിലും തരത്തിലുള്ള അനുഷ്ഠാനങ്ങളും എല്ലാ ജനവർഗങ്ങളും ആചരിച്ചു

പോന്നിട്ടുണ്ട്. മതത്തിൻെറ—ഏതു മതത്തിൻെറയും—കാതൽ ഈ വിശ്വാസവും ഈ അനുഷ്ഠാനങ്ങളുമാണല്ലോ.

മനുഷ്യവർഗത്തിൻെറ സനാതനസാധനകളിൽ ഒന്നാണ് മതം. മതാനുഷ്ഠാനത്തിൻെറ ഭാഗമായോ, അതിനു സഹായിക്കുന്നതെന്ന തരത്തിലോ ആണ് മിക്ക ജനവർഗങ്ങളും സംഗീതം, സാഹിത്യം, ചിത്രകല, പ്രതിമാശില്പം, നൃത്തം തുടങ്ങിയ കലകളും തത്ത്വചിന്തയും വളർത്തിയിട്ടുള്ളതു്. മനുഷ്യൻെറ ജ്ഞാനസമ്പാദനപ്രക്രിയയിൽനിന്ന് മതത്തെ ഒഴിവാക്കണമെന്ന വാദത്തിന് അർത്ഥമില്ല.

ഇന്ത്യൻ സർവകലാശാലകളിൽ മതപഠനം ഏർപ്പെടുത്തുന്നപക്ഷം, അതിൻെറ രൂപം എന്തായിരിക്കണം? സർവകലാശാലാവിദ്യാഭ്യാസത്തെപ്പററി സമഗ്രമായി പഠിക്കുന്നതിന് ഡോക്ടർ രാധാകൃഷ്ണൻെറ അദ്ധ്യക്ഷതയിൽ സ്വതന്ത്ര ഭാരത സർക്കാർ നിയമിച്ച കമ്മീഷൻ അവരുടെ വിസ്തൃതവും ആധികാരികവുമായ റിപ്പോർട്ടിൽ ഈ വിഷയം വിശദമായി ചർച്ചചെയ്തിട്ടുണ്ട്. എല്ലാ മതങ്ങൾക്കും പൊതുവായ വിശ്വാസങ്ങളും ധാരണകളും ആചാരങ്ങളും ഒട്ടവളരെയുണ്ട്. മതങ്ങളെ പരസ്പരം അകററുന്നതു്, പലപ്പോഴും, താരതമ്യേന അപ്രധാനങ്ങളായ ആചാരങ്ങളാകുന്നു. അകററുന്ന ഘടകങ്ങളിൽ ഊന്നാതെ, അടുപ്പിക്കുന്ന ഘടകങ്ങളിൽ ഊന്നിക്കൊണ്ട്, സർവമതസമന്വയത്തിനല്ലെങ്കിൽ മതങ്ങൾ തമ്മിൽ സമാധാനപരമായ സഹവർത്തനത്തിലെങ്കിലും ഉപകരിക്കുംവിധത്തിൽ, എല്ലാ മതങ്ങളിലും പൊതുവായുള്ള സിദ്ധാന്തങ്ങളെപ്പററി സർവകലാശാലാ വിദ്യാർത്ഥികളെ ബോധവാന്മാരാക്കണമെന്നതാണ്, സർവകലാശാലാതലത്തിലെ മതപഠനം സംബന്ധിച്ച് രാധാകൃഷ്ണൻ കമ്മീഷൻ നൽകിയിട്ടുള്ള ശുപാർശകളുടെ രത്നച്ചുരുക്കം. തൻെറ പ്രാർത്ഥനായോഗങ്ങളിലൂടെ മഹാത്മാഗാന്ധി ബഹുജനങ്ങൾക്കിടയിൽ മതസമന്വയത്തിനുള്ള പരിശ്രമം വ്യാപകമായും സഫലമായും നടത്തിവന്നു. നിർഭാഗ്യവശാൽ, ഗാന്ധിജിക്കു ശേഷം ഈ വഴിക്കു പറയത്തക്ക യാതൊരു യത്നവും ഇന്ത്യയിൽ ഉണ്ടായില്ല. അതിൻെറ ദുഷ്ഫലം നാം അനുഭവിക്കുകയുംചെയ്യുന്നു.

കോഴിക്കോട് സർവകലാശാലയിൽ ആരംഭിച്ചിട്ടുള്ളമാതിരി ഓരോ മതവിഭാഗത്തിനും വെവ്വേറെ പഠനകേന്ദ്രങ്ങൾ നിർമിക്കുന്നതുവഴി സർവകലാശാലകളിലെ മതപഠനം സംബന്ധിച്ച രാധാകൃഷ്ണൻ കമ്മീഷൻെറ നിർദേശം നടപ്പിൽ വരുത്തുവാൻ കഴിയുമോ? മറെറാരു വിധത്തിൽ പറഞ്ഞാൽ, എന്തുകൊണ്ട് ക്രിസ്തുമതം ഇന്ത്യയിലെ മററു മതങ്ങളിൽനിന്നു വ്യത്യസ്തമായിരിക്കുന്നു എന്നതിലാവില്ലെ സർവകലാശാലയിലെ ക്രിസ്തുമത പഠനസ്ഥാപനത്തിൻെറ ഊന്നൽ? ഇനി ഒരു ഇസ്ലാമിക പഠനസ്ഥാപനമോ, ഹിന്ദുമത പഠനസ്ഥാപനമോ സർവകലാശാലയിലുണ്ടായാൽ അവയുടെ സ്ഥിതിയും വ്യത്യസ്തമായിരിക്കുമോ?

നമ്മുടെ സർവകലാശാലകളിലുണ്ടാവേണ്ടതു് മതങ്ങളുടെ പൊതുതത്ത്വങ്ങളിലൂന്നുന്ന, മതസമന്വയത്തിലേക്കു നയിക്കുന്ന, മതസഹിഷ്ണുത വളർത്തുന്ന മതപഠനമായിരിക്കണം. മതങ്ങളെ താരതമ്യപ്പെടുത്തി, അവയുടെ യഥാർത്ഥമായ ആന്തരചൈതന്യത്തിലേക്ക് അദ്ധ്യേതാക്കളുടെ അന്തർദൃഷ്ടി തുറന്നുകൊടുക്കുക എന്നതായിരിക്കണം സർവകലാശാലകളിലെ മതപഠനത്തിൻെറ ലക്ഷ്യം. വിഭാഗീയവീക്ഷണത്തിലൂടെ നൽകപ്പെടുന്ന മതപഠനവും ആവശ്യമായിരിക്കാം; പ്രത്യേകിച്ചും പൗരോഹിത്യപരിശീലനത്തിൽ. അതിനു പക്ഷേ, സർവകലാശാലകൾ അല്ല കളമൊരുക്കേണ്ടതു്.

കോഴിക്കോട് സർവകലാശാലയിലെ ക്രിസ്തുമത പഠനവിഭാഗം ഒരു മത താരതമ്യപഠനവിഭാഗമായി വളർന്നുവരുമെന്നു പ്രതീക്ഷിക്കാ

മോ? എല്ലാ മതങ്ങളിലുമടങ്ങിയ ആത്യന്തികസത്യത്തെപ്പററി വിഭാഗീയവീക്ഷണത്തിലൂടെയല്ലാതെ പഠിപ്പിക്കുന്നതിനു് ഈ സ്ഥാപനം മുൻഗണന നൽകുമോ?

(26 ആഗസ്റ്റ്, 1987)

# 34. രാഷ്ട്രഭാഷയും രാജഭാഷയും

തെക്കേ ആഫ്രിക്കയിലെ ഐതിഹാസിക സമരത്തിനുശേഷം 1915—ൽ ഇന്ത്യയിൽ തിരിച്ചെത്തിയ മഹാത്മാഗാന്ധി, രാഷ്ട്രീയകാര്യങ്ങളെപ്പററി ഒരു അഭിപ്രായവും പ്രകടിപ്പിക്കാതെ, ഒരു വർഷക്കാലം ഇന്ത്യയിൽ ഉടനീളം സഞ്ചരിച്ച് ഇവിടത്തെ രാഷ്ട്രീയ—സാമ്പത്തിക—സാമൂഹിക—സാംസ്കാരിക—സ്ഥിതിഗതികൾ സൂക്ഷ്മമായി പഠിച്ചു. ആദ്യമായി അദ്ദേഹം ഇന്ത്യയിൽവച്ച്, ഒരു രാഷ്ട്രീയപ്രസംഗം നടത്തിയതു് 1916—ൽ ബനാറസ് ഹിന്ദു യൂണിവേഴ്സിററിയുടെ ഉദ്ഘാടനം സംബന്ധിച്ചു ചേർന്ന സമ്മേളനത്തിലായിരുന്നു. വൈസ്രോയി ഹാർഡിഞ്ജ് പ്രഭുവാണ് സർവകലാശാലയുടെ ശിലാസ്ഥാപനകൃത്യം നിർവഹിച്ചതു്. ദർഭംഗാമഹാരാജാവ് അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ, കസവുവസ്ത്രങ്ങളും സ്വർണകിരീടങ്ങളും രത്നമാല്യങ്ങളും അണിഞ്ഞ നാട്ടുരാജാക്കന്മാരുടെ നടുവിൽ, ധോത്തിയും ഗുജറാത്തിക്കുപ്പായവും വട്ടത്തലേക്കെട്ടുമായി, ഒരു ദരിദ്രഗ്രാമീണന്റെ രൂപത്തിൽ ഗാന്ധി പ്രത്യക്ഷപ്പെട്ടു. ഈ പ്രസംഗത്തിൽ ഗാന്ധിപറഞ്ഞു:

'പരിശുദ്ധമായ ഈ നഗരത്തിൽ, മഹത്തായ ഈ വിദ്യാലയത്തിന്റെ നിഴലിൽ, എന്റെ നാട്ടുകാരോട് ഒരു വിദേശഭാഷയിൽ സംസാരിക്കാൻ നിർബന്ധിതനായതിൽ എനിക്കു് അഗാധമായ അപമാനബോധവും ലജ്ജയുമുണ്ടു്. ഡിസംബർ മാസത്തിൽ (ബോംബെയിൽ) നടന്ന കോൺഗ്രസ് സമ്മേളനത്തിൽ ഞാൻ സന്നിഹിതനായിരുന്നു. അവിടെ ഇന്നത്തേക്കാൾ എത്രയോ കൂടുതൽ ശ്രോതാക്കൾ ഉണ്ടായിരുന്നു. ബോംബെയിലെ ശ്രോതാക്കളെ സ്പർശിച്ചതു് ഹിന്ദുസ്ഥാനിയിൽ ചെയ്യപ്പെട്ട പ്രസംഗങ്ങൾ മാത്രമായിരുന്നു എന്നു ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ഇംഗ്ലീഷിനും ഇന്ത്യൻഭാഷകൾക്കും തമ്മിലുള്ള വലിയ അകലം ഹിന്ദിക്കും ബോംബെയിലെ പ്രാദേശികഭാഷകൾക്കും തമ്മിൽ ഇല്ല....ഈ സർവകലാശാലയിലെത്തുന്ന യുവജനങ്ങൾക്കു് ഇന്ത്യൻ ഭാഷകളിലൂടെ പഠിക്കാൻ ഈ സർവകലാശാല സൗകര്യം നൽകുമെന്നു ഞാൻ ആശിക്കുന്നു. നമ്മുടെ ഭാഷ നമ്മുടെ പ്രതിബിംബമാകുന്നു. നമ്മുടെ ഏററവും നല്ല വിചാരങ്ങൾ ആവിഷ്കരിക്കാൻ നമ്മുടെ ഭാഷകൾക്കു കഴിവില്ലെന്നു നിങ്ങൾ പറഞ്ഞാൽ, കഴിയുംവേഗത്തിൽ നമ്മെയാകെ നശിപ്പിക്കുകയാണു നമുക്കു നന്നായിരിക്കുക എന്നായിരിക്കും എന്റെ മറുപടി. ഇംഗ്ലീഷ് എന്നെങ്കിലും ഇന്ത്യയുടെ രാഷ്ട്രഭാഷയാകുമെന്നു് സ്വപ്നം കാണുന്ന ഒരാളെങ്കിലും ഉണ്ടോ? എന്തിനു് ഈ വിദേശഭാഷയുടെ അവശത രാഷ്ട്രത്തിനുമേൽ ചുമത്തുന്നു?....ഇക്കഴിഞ്ഞ അമ്പതുവർഷങ്ങളിൽ പ്രാദേശികഭാഷകളിലൂടെ വിദ്യാഭ്യാസം ലഭിച്ചിരുന്നുവെങ്കിൽ ഇന്നു നമ്മുടെ സ്ഥിതി എന്താകുമായിരുന്നു? എങ്കിൽ, ഇന്ത്യ ഇന്നു സ്വതന്ത്രയാകുമായിരുന്നു; നമ്മുടെ അഭ്യസ്തവിദ്യർ സ്വന്തം നാട്ടിൽ വിദേശികളായിരിക്കാതെ രാഷ്ട്രത്തിന്റെ ഹൃദയത്തിൽനിന്നു സംസാരിക്കുമായിരുന്നു; അവർ ഈ നാട്ടിലെ ഏററവും ദരിദ്രക്കിട